**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2252** **06-07-2022 - ൽ മറുപടിയ്ക്ക്**

**ട്രഷറി വകുപ്പിന് ഭൂമി കൈമാറൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ആനിക്കാട് വില്ലേജ് ബ്ലോക്ക് 46 സർവ്വേ 135/6-ൽ പ്പെട്ട 15 സെന്റ് സ്ഥലത്തിന്റെ പൂർണ്ണ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് കൈമാറുവാൻ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന് 19.06.2012-ലെ സ.ഉ.(സാധാ) നം.1662/2012/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ആനിക്കാട് വില്ലേജ്, ബ്ലോക്ക് 46, സർവ്വെ നം. 135/6-ൽപ്പെട്ട 15 സെന്റ് സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് കൈമാറുന്നതിന് 19.06.2012-ലെ സ.ഉ.(സാധാ)നം.1662/2012/ ത.സ്വ.ഭ.വ. പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിരുന്നു. |
| (ബി) | എങ്കിൽ, പ്രസ്തുത അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് എത്ര സെന്റ് സ്ഥലം ഏത് തീയതിയിൽ ട്രഷറി വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | സ്ഥലം കൈമാറിയിട്ടില്ല. |
| (സി) | അപ്രകാരം ഭൂമി കൈമാറുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ? | (സി) | 25.01.2017-ൽ കൂടിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 8(1)-ാം നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 8 പഞ്ചായത്തുകളിലെയും ഹരിതകർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്കായുള്ള RRF, ബ്ലോക്ക് പഞ്ചായത്ത് വിട്ടുകിട്ടിയ ഓഫീസുകളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിക്കുക എന്നീ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കേണ്ടതിനാൽ ട്രഷറിയ്ക്ക് സ്ഥലം അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി.<br><br>നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിന്റെ സ്ഥല പരിമിതി കണക്കിലെടുത്തും, പഞ്ചായത്തിന് വിട്ടുകിട്ടിയതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ പല ഘടക സ്ഥാപനങ്ങൾക്കും പ്രസ്തുത കോമ്പൗണ്ടിൽ സ്ഥലം അനുവദിക്കേണ്ടതിനാലും, അതോടൊപ്പം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് പൊതു പരിപാടികൾ നടത്തുന്നതിനായി ഒരു ഓപ്പൺ എയർ |

| | | | |
|---|---|---|---|
| | | | ഓഡിറ്റോറിയം, പാർക്കിംഗ് ഏരിയ എന്നിവ ആവശ്യമാണെന്ന് നിരീക്ഷിച്ചതിനാലും 19.06.2012-ലെ സ.ഉ.(സാധാ)നം.1662/2012/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നതിന് 13.04.2022-ൽ കൂടിയ 5(4)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുള്ളതാകുന്നു. |

സെക്ഷൻ ഓഫീസർ